അസോസിയേഷൻ, സ്ത്രീ സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവയുടെ ഭാരവാഹികൾ എന്നിങ്ങനെ എല്ലാ വിഭാഗങ്ങളുടെയും പ്രാതിനിധ്യം ഉറപ്പാക്കുന്നുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ സഹായത്തോടെ അതാത് സർക്കിൾ ഇൻസ്പെക്ടർമാർ പ്രസ്തുത സമിതിയിലേയ്ക്കുള്ള അംഗങ്ങളുടെ പേരുകൾ നിർദ്ദേശിച്ച് സബ് ഡിവിഷണൽ പോലീസ് ഓഫീസർ അത് പരിശോധിച്ച് ജില്ലാ പോലീസ് മേധാവിക്ക് സമർപ്പിക്കുകയും സമിതി രൂപീകരിക്കുകയും ചെയ്യുന്നു. ജനമൈത്രി പോലീസിൽ വിവിധ വിഭാഗങ്ങളിലുള്ള ആളുകളുടെ സമ്മിശ്ര പ്രാതിനിധ്യം സമിതിയിൽ ഉറപ്പുവരുത്തിയിട്ടുണ്ട്.

**സൈൽ പദ്ധതി**

189 (1933) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഹനാപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തരമായി പ്രഥമ ശുശ്രൂഷ നൽകുന്നതിലൂടെ റോഡപകടങ്ങൾമൂലമുള്ള മരണ നിരക്ക് കുറയ്ക്കുക, അപകടത്തിൽപ്പെടുന്നവർക്ക് അംഗവൈകല്യം കുറയ്ക്കുക, വാഹനാപകടങ്ങളിൽപ്പെടുന്നവർക്ക് പ്രാഥമിക ചികിത്സ നൽകി പരിക്ക് പറ്റിയവരെ എത്രയും പെട്ടെന്ന് തന്നെ ആശുപത്രിയിൽ എത്തിക്കുവാൻ പോലീസിനെ പ്രാപ്തരാക്കുക, പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിച്ച് അത്യാഹിതങ്ങൾ കുറയ്ക്കുക വഴി വാഹനാപകടത്തിൽപ്പെടുന്നവരെ സഹായിക്കുക എന്നിവയാണ് സൈൽ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് ലഭ്യമാക്കാൻ ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിന്റെ സ.ഉ. (ആർ.റ്റി)782/15/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഡോ. മുഹമ്മദ് അഷീലിനെ സൈലിന്റെ സ്റ്റേറ്റ് നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

വാഹനാപകടങ്ങളിൽപ്പെടുന്നവരെ പ്രാഥമിക ചികിത്സ നൽകി ഉടൻ തന്നെ ആശുപത്രികളിൽ എത്തിക്കുന്നതിന് വേണ്ടി ട്രോമകെയർ ട്രെയിനിംഗ്, ബന്ധപ്പെട്ട മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ പോലീസ് സേനാംഗങ്ങൾക്ക് നൽകുന്നുണ്ട്. റോഡപകടങ്ങൾ ഉണ്ടായാൽ ഉടൻ തന്നെ സ്ഥലത്ത് എത്തി പ്രഥമ ശുശ്രൂഷയും അടിയന്തര വൈദ്യസഹായവും ലഭ്യമാക്കുന്നതിന് ഹൈവേ പട്രോൾ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. അപകടങ്ങളെക്കുറിച്ചുള്ള വിവരം അറിയിക്കുന്നതിനുവേണ്ടി 1099 എന്ന ട്രോൾ ഫ്രീ നമ്പർ പ്രവർത്തിച്ചുവരുന്നു.

**മാഫിയകളെ അമർച്ച ചെയ്യുന്നതിന് നടപടി**

190 (1934) ശ്രീ. വർക്കല കഹാർ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. ആർ . സെൽവരാജ് :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാഫിയകളെ അമർച്ച ചെയ്യുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്. ഓപ്പറേഷൻ കുബേര, ഓപ്പറേഷൻ സുരക്ഷ എന്നീ പദ്ധതികളിലൂടെ സംഘടിത സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ, ബ്ലേഡ് മാഫിയകൾ, മണൽ മാഫിയകൾ എന്നിവരുടെ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly